LIBRARY ARCHIVES Kerala Legislative Assembly

ദേശീയപാതയിൽ ചാത്തന്നൂർ-ഊറാംവിള ജംഗ്ഷനിൽ ട്രാഫിക് ഐലന്റ് സ്ഥാപിക്കുവാൻ നടപടി

85 [701] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയിൽ ചാത്തന്നൂർ ഊറാംവിള ജംഗ്ഷനിൽ ട്രാഫിക് ഐലന്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) ട്രാഫിക് ഐലന്റ് സ്ഥാപിക്കുന്നതിന്റെ ആവശ്യകത പരിശോധിച്ചുവരുന്നു.

ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ റോഡുകൾ

86 [702] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യത്തിന് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ കാലവർഷം മൂലം തകർന്നിട്ടുള്ള പൊതുമരാമത്ത് വകുപ്പിന്റെ ഏതെല്ലാം റോഡുകൾ അറ്റകുറ്റപ്പണി നടത്താൻ ഉദ്ദേശിക്കുന്നു; വിശദാംശം നൽകുമോ?

ഉത്തരം

കാലവർഷം മൂലം തകർന്ന പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള എല്ലാ റോഡുകളുടെയും അറ്റകുറ്റപ്പണികൾ മുൻഗണനാക്രമത്തിൽ ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

കാസർഗോഡ്-കാഞ്ഞങ്ങാട് സ്റ്റേറ്റ് ഹൈവേയുടെ ടെണ്ടർ പദ്ധതി

87 [703] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിൽ ഉൾപ്പെടുത്തി അഭിവൃദ്ധിപ്പെടുത്താൻ ഉദ്ദേശിക്കുന്ന കാസർഗോഡ്-കാഞ്ഞങ്ങാട് സ്റ്റേറ്റ് ഹൈവേയുടെ ടെണ്ടർ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) മേൽ റോഡ് കെ.എസ്.ടി.പി. പൊതുമരാമത്ത് വകുപ്പിൽ നിന്ന് ഏറ്റെടുത്തിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) ഇല്ലെങ്കിൽ എപ്പോൾ ഏറ്റെടുക്കും എന്നു വ്യക്തമാക്കാമോ;

(ഡി) മേൽ റോഡിലെ കി.മീ. 3-ൽ ചളിയങ്കോട് ഭാഗത്ത് മണ്ണിടിയുന്നത് തടയാൻ കെ.എസ്.ടി.പി. എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ;

(ഇ) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രീക്വാളിഫിക്കേഷൻ പൂർത്തിയാക്കി ടെണ്ടർ നടപടി ആരംഭിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) പണി ആരംഭിക്കുന്ന മുറയ്ക്ക് ഏറ്റെടുക്കും.

(ഡി ആന്റ് ഇ) ആവശ്യമായ പഠനം നടത്തി ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ ശ്രമിക്കുന്നതാണ്.

മധുര-കോട്ടയം-ചേർത്തല ഈസ്റ്റ് വെസ്റ്റ് കോറിഡോർ റോഡിന്റെ ലാന്റ് അക്വിസിഷൻ നടപടി

88 [704] ശ്രീ. വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മധുര-കോട്ടയം-ചേർത്തല ഈസ്റ്റ് വെസ്റ്റ് കോറിഡോർ റോഡിന്റെ അലൈൻമെന്റ് പൂർത്തിയായ സാഹചര്യത്തിൽ ഭൂമി അക്വയർ ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചുവോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നറിയിക്കാമോ;

(ബി) ടൂറിസം ഹൈവേയായി പ്രഖ്യാപിച്ചിട്ടുള്ള പ്രസ്തുത റോഡിന്റെ നിർമ്മാണത്തിനുള്ള സാമ്പത്തിക സഹായം ഏതെങ്കിലും വിദേശ ഏജൻസികളിൽ നിന്നാണോ സ്വീകരിക്കുന്നത്;

(സി) എങ്കിൽ ഏതെല്ലാം മാർഗ്ഗങ്ങളിലൂടെ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—സി) മധുര-കോട്ടയം-ചേർത്തല റോഡിൽ കോട്ടയം മുതൽ സംസ്ഥാനാതിർത്തി വരെയുള്ള ഭാഗം ദേശീയപാതയായി മാറിയിട്ടുണ്ട്. ചേർത്തല മുതൽ കോട്ടയം വരെയുള്ള സംസ്ഥാന ഹൈവേയുടെ കോടിമത മുതൽ കവനാർ (14.5 കി.മീ.) വരെയുള്ള ഭാഗത്തെ സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത റോഡ് ഇപ്പോൾ കേരളാ റോഡ് ഫണ്ട് ബോർഡിന് കൈമാറിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly